"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ്-സുരഭിയുടെ ട്രഷറി അക്കൗണ്ടിൽ നിന്നും കഴിഞ്ഞ സാമ്പത്തികവർഷാവസാനം സർക്കാർ തിരിച്ചെടുത്ത 14 ലക്ഷം രൂപ 2024-25 സാമ്പത്തിക വർഷം അനുവദിച്ച ബജറ്റ് വിഹിതത്തിലെ 4851-00-104-99 എന്ന ശീർഷകത്തിൽ നിന്ന് Reallocate ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.486/2024/ID തീയതി,തിരുവനന്തപുരം, 22-06-2024

---

പരാമർശം:- 1.സ.ഉ (സാധാ)നം.952/2022/ID തീയതി, 30-08-2022

2.സ.ഉ (സാധാ)നം.806/2023/ID തീയതി, 08-08-2023

3.27.04.2024 തീയതിയിലെ സുരഭി സെക്രട്ടറിയുടെ S-54/B1/2022 നമ്പർ കത്ത്

ഉത്തരവ്

മേൽ പരാമർശം (2) ഉത്തരവ് പ്രകാരം സുരഭി ( Kerala - State Handicrafts Apex Co-operative Society Ltd ) -യ്ക്ക് 2023-24 സാമ്പത്തിക വർഷം 19 ലക്ഷം രൂപ റിലീസ് ചെയ്തു നൽകിയിരുന്നു. ട്രഷറി അക്കൗണ്ട് പ്രൊവിൻഡന്റ് ഫണ്ടിൽ കുടിശ്ശിക വരുത്തിയതുമൂലം പ്രോവിഡന്റ് ഫണ്ട് അധികാരികൾ സുരഭിയുടെ ട്രഷറി അക്കൗണ്ട് മരവിപ്പിക്കുകയുണ്ടായെന്നും തുടർന്ന് ബഹു.ഹൈക്കോടതി പ്രസ്തുത നടപടി റദ്ദാക്കിയെങ്കിലും ട്രഷറി നിയന്ത്രണങ്ങൾ കാരണം 2024 മാർച്ച് മാസത്തിലാണ് ഇതിൽ നിന്നും 5 ലക്ഷം രൂപ വിനിയോഗിക്കാൻ സാധിച്ചതെന്നും ബാക്കി 14 ലക്ഷം രൂപ ചെലവഴിക്കാൻ സാധിക്കാതെ വരികയും 2023-24 സാമ്പത്തിക വർഷാവസാനം ടി 14 ലക്ഷം രൂപ സർക്കാർ തിരിച്ചെടുത്തുവെന്നും ആയതിനാൽ നവീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനായി പ്രസ്തുത തുക വീണ്ടും അനുവദിച്ചുതരണമെന്നും മേൽ പരാമർശ കത്ത് പ്രകാരം സുരഭി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സുരഭിയുടെ ട്രഷറി അക്കൗണ്ടിൽ നിന്നും കഴിഞ്ഞ സാമ്പത്തികവർഷാവസാനം (2023-24) സർക്കാർ തിരിച്ചെടുത്ത 14 ലക്ഷം രൂപ, 2024-25 സാമ്പത്തിക വർഷം 4851-00-104-99 എന്ന ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതത്തിൽ നിന്ന് മേൽ പരാമർശ സർക്കാർ ഉത്തരവുകളിലെ ഫണ്ട് റിലീസിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി Re-allocate ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, സുരഭി, എറണാകുളം
ഡയറക്ടർ /അഡീഷണൽ ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ , തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഐ & പി.ആർഡി (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്).
സ്റ്റോക്ക് ഫയൽ (ഫയൽ നമ്പർ:IND-K3/78/2024-IND)

ഉത്തരവിൻ പ്രകാരം

Signed by Divya Y.V
സെക്ഷൻ ഓഫീസർ
Date: 24-06-2024 12:05:40